(ബി) കൊല ചെയ്യപ്പെട്ടവരുടെ പേരിൽ മറ്റ് കേസ്സുകൾ ഉണ്ടായിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ ഓരോന്നിലും ഏതെല്ലാം വകുപ്പുപയോഗിച്ചാണ് കേസ്സുകൾ എടുത്തിട്ടുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ രാഷ്ട്രീയ ബന്ധമുള്ളവർ കൊലചെയ്യപ്പെട്ടവരും കൊലപാതകികളും ആയ കേസുകളുടെ വിവരം അനുബന്ധം-എ ആയിചേർത്തിരിക്കുന്നു*

(ബി) കൊല ചെയ്യപ്പെട്ടവരുടെ പേരിലുള്ള മറ്റ് കേസുകൾ അനുബന്ധം- ബി ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത കൊലപാതക കേസുകളിൽ ഓരോന്നിലും ഏതെല്ലാം വകുപ്പുകളുപയോഗിച്ചാണ് കേസുകൾ എടുത്തിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-എ യിൽ ചേർത്തിട്ടുണ്ട്.*

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

235 (3869) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എത്ര വിദ്യാലയങ്ങളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(സി) വിദ്യാലയങ്ങളിൽ എസ്.പി.സി. ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ വർഷം എസ്.പി.സി. എത്ര വിദ്യാലയങ്ങളിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 433 സ്കൂളുകളിൽ നിലവിലുണ്ട്.

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ അദ്ധ്യയന വർഷം പുതുതായി 110 സ്കൂളുകളിൽ നടപ്പിലാക്കുവാൻ സംസ്ഥാനതല ഉപദേശക സമിതി അനുവാദം നൽകിയിട്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിലെ ചിട്ടി തട്ടിപ്പ്

236 (3870) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനം നടത്തിയ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) ഈ തട്ടിപ്പിനിരയായ കാട്ടാക്കട ഉടയൻകുഴി പുത്തൻവീട്ടിൽ എച്ച് തങ്കരാജ് എന്നയാൾ 7-7-2014 ന് ഇതു സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൻമേൽ സ്വീകരിച്ചതും ഇനി സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദവിവരം നൽകാമോ ;

(സി) ഈ സ്ഥാപനം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നകാര്യം എപ്പോഴാണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും ശ്രദ്ധയിൽപ്പെട്ട ഉടൻ നടപടി സ്വീകരിച്ചോ എന്നും കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പു സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും, നിയമനടപടി സ്വീകരിക്കാനും എല്ലാ പോലീസ് സ്റ്റേഷനുകൾക്കും നിർദ്ദേശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly